

കാൽ പാടുകൾ
ഡിജിറ്റൽ മാഗസിൻ
ശിവപുരം
ഹയർ സെക്കണ്ടറി സ്കൂൾ



# കാൽപ്പാടുകൾ

**ഡിജിറ്റൽ മാഗസിൻ**

**ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബ്** 2018-2019

# മുഖമൊഴി

അകമറിഞ്ഞെഴുതുന്ന അക്ഷരക്കൂട്ടുകൾക്ക് ആസ്വാദ്യത ഏറും...........
തുറക്കുന്നത് കുഞ്ഞുമനസ്സുകളാണെങ്കിൽ വിശേഷിച്ചും. ഇവിടെ, ശിവപുരം ഹയർ സെക്കണ്ടറി സ്ക്രൂളിലെ കുരുന്നു പ്രതിഭകളുടെ ഇത്തിരി സർഗ മധുരം നവീന സാങ്കേതിക വിദ്യയുടെ സഹായത്തോടെ രേഖപ്പെടുത്തിയിരിക്കുന്നു. സ്ക്രൂൾ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിനിൽ-'കാൽപ്പാടുകൾ'-ൽ.
പരിമിതികൾ പലതുമുണ്ടായിരുന്ന ഒരു സാഹചര്യത്തിലാണ് 'കാൽപ്പാടുകൾ'-ടെ പിറവി എന്നതുകൊണ്ടു തന്നെ അവകാശവാദങ്ങളൊന്നുമില്ല.

**ഈ അക്ഷരസംരംഭം വിനയപൂർവം സമർപ്പിക്കുന്നു.........**



രാജീവ്.ആർ.കെ
ഹെഡ് മാസ്റ്റർ
ശിവപുരം എച്ച്.എസ്.എസ്

ശിവപുരം ഹയർസെക്കണ്ടറി സ്ക്കൂൾ ലിറ്റിൽ കൈറ്റ്സ് അണിയിച്ചൊരുക്കുന്ന 'കാൽപ്പാടുകൾ' ഡിജിറ്റൽ മാസികക്ക്

എല്ലാവിധ ഭാവുകങ്ങളും നേരുന്നു...

## ഉള്ളടക്കത്തിൽ...




1) ആരാണയാൾ...... 6
2) എന്റെ മഴയനുഭവം...... 7
3) ദുഃഖാനന്തരം സുഖം...... 8
4) ഉർദ്ദ ചിന്തകൾ...... 10
5) വിദ്യാലയം...... 11
6) അമ്മ...... 13
7) മഴ...... 14
8) മാതൃസ്നേഹം...... 15
9) മാതൃവിലാപം...... 18
10) പ്രളയം കേരളത്തെ ഒന്നിപ്പിച്ചു...... 19
11) കൊഴിഞ്ഞുപോയ ബാല്യകാലം...... 20
12) പാല്യകാച്ചി പാറ...... 21
13) MY FIDUS ACHATES...... 22
14) സംസ്കൃതം കവിത...... 24

# ആരാണയാൾ

ചുഴികൾ ശമിക്കാത്ത ദുരിതക്കയത്തെ
വിരഹ വേദനയോടെ നോക്കുന്ന ഞാൻ
എണ്ണ വറ്റാത്ത വിളക്കിനെപ്പോലെന്റെ
കണ്ണുനീരും പെയ്തിറങ്ങീടവേ.

പറയാനുമില്ലാതെയോർക്കാനുമില്ലാതെ,
സ്വപ്നമായ് മാറുന്ന എൻ ജീവിതം
പാതിരാപൊയ്കയിൽ വിടരുന്ന പൂവിനാൽ
ധന്യമായ് മാറിടാൻ മോഹമോതി.

തെരുവിന്റെ വീഥിയിൽ ഇന്നെന്റെ ജീവിതം
പാഴാക്കി മാറ്റുന്നൊരീ വേളയിൽ
ദൈവദൂതൻ വന്നു വിളിക്കുന്ന പോലെന്നെ
സ്പർശിച്ചതാരെന്നറിയുകില്ല.

ശൂന്യമാം ജീവിത വീഥിയിലോർക്കുവാൻ
ഒന്നു മാത്രം ഇന്നു ബാക്കിയായി
ആരാണയാൾ എന്ന ചോദ്യത്തിനുത്തരം
തന്നീടണേയെന്ന പ്രാർത്ഥനയും.

ശാരിക.എം.വി
8 A

# എന്റെ മഴയനുഭവം



എനിക്ക് മഴ നനയാൻ വളരെയധികം ഇഷ്ടമായിരുന്നു. അത്തരത്തിലുള്ള ഒരനുഭവമാണ് ഞാനിവിടെ എഴുതുന്നത്. ഞാൻ എന്റെ ചേട്ടന്റെ കൂടെയും, ചേച്ചിയുടെ കൂടെയും അതുമല്ലെങ്കിൽ ഒറ്റയായും മഴ നനയാറുണ്ട്. എല്ലാവർക്കും മഴ നനയാൻ വളരെ ഇഷ്ടമാണ്. മഴ നനയുന്നത് എന്നെ സംബന്ധിച്ച് വളരെ ആനന്ദകരവും സന്തോഷകരവുമാണ്. മഴ നനയുമ്പോൾ നമ്മൾ മഴയെ തൊട്ടറിയുകയാണ് ചെയ്യുന്നത്. ഇതുവരെയുള്ളതിൽ എനിക്ക് ഏറ്റവും രസകരമായി തോന്നിയത് ഒരക്കൽ സ്കൂളിൽ നിന്ന് മഴ നനഞ്ഞപ്പോഴാണ്. കായികമേളകൾ നടക്കുന്ന ഒരു ശനിയാഴ്ച്ച, അന്ന് ഉച്ചവരെ എല്ലാം നന്നായി നടന്നു. ഉച്ചയ്ക്ക് ശേഷം നല്ല മഴ. ഗ്രൗണ്ടിൽ മുഴുവൻ കുട്ടികൾക്ക് ഇരിക്കാൻ ബെഞ്ച് പിടിച്ചിട്ടിട്ടുണ്ടായിരുന്നു. ഞങ്ങൾ മഴ തുടങ്ങിയപ്പോൾ അതൊക്കെ തിരികെ ക്ലാസിലേക്ക് പിടിച്ചിടാൻ ആരംഭിച്ചു. ആ സമയത്ത് മഴ കൂടിക്കൂടി വന്നു. എൻെറ കൂട്ടുകാർക്കും മഴ നനയുന്നത് വളരെയധികം ഇഷ്ടമാണ്. ഞങ്ങൾ ആ കോരിച്ചൊരിയുന്ന മഴയത്ത് ഗ്രൗണ്ടിലൂടെ ബെഞ്ചുമെടുത്ത് നടന്നു. ബെഞ്ച് മുഴുവൻ ക്ലാസിലേക്ക് പിടിച്ചിട്ട് കഴിഞ്ഞപ്പോഴേക്കും ഞങ്ങൾ മഴയിൽ നനഞ്ഞുപോയി. ആദ്യമായിട്ടാണ് ഞാൻ സ്കൂളിൽ നിന്ന് എൻെറ കൂട്ടുകാരോടൊപ്പം മഴ നനഞ്ഞത്. എനിക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത, എൻെറ ഏറ്റവും നല്ല അനുഭവങ്ങളിൽ ഒന്നാണത്...........

ദിയ. എസ്. ദിനേശ്

10th A

## ദുഃഖാനന്തരം സുഖം

അവർ വഴിയരിൽ കണ്ടുമുട്ടി. നാല് വർഷം മുമ്പുള്ള കാര്യങ്ങൾ ഓർമ്മിക്കുകയും പങ്കുവയ്ക്കുകയും ചെയ്തു. അപ്പോഴായിരുന്നു അമലയുടെ അച്ഛൻ മരണപ്പെട്ടത്. അന്ന് അവൾ പത്താം ക്ലാസിൽ പഠിക്കുകയായിരുന്നു. അവൾ പഠനത്തിൽ മിടുക്കിയായിരുന്നു. എന്നാൽ അച്ഛൻെറ മരണശേഷം അവളുടെ കുടുംബത്തിൻെറ സാമ്പത്തികനില തകരാറിലായി. അതിനാൽ അവൾ പഠനം നിർത്തി, വീട്ടുവേയ്ക്ക് പോയി തുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം അവൾ വീട്ടുവേലയ്ക്കു പോയിക്കൊണ്ടിരുന്ന വീട്ടിൽ അവളുടെ ക്ലാസ് മാഷായിരുന്ന ബാബു സാറ് വന്നു,  അവളെ ആ സാഹചര്യത്തിൽ കണ്ടപ്പോൾ സാറ് പോലും അറിയാതെ അദ്ദേഹത്തിൻെറ കണ്ണിൽ നിന്ന് കണ്ണീർ പൊഴിഞ്ഞു. ബാബു മാഷ് ഈ കാര്യം സ്കൂളിൽ ചെന്ന് പറയുകയും സ്കൂൾ പി.ടി.എയും സ്കൂൾ സ്റ്റാഫും കൂടിയാലോചിച്ച് അവളെ പഠിപ്പിക്കാൻ തീരുമാനിച്ചു. എന്നാൽ ആ സഹായം അവൾക്ക് +2 വരെയേ ലഭിച്ചുള്ളു.

അവൾ വീണ്ടും വീട്ടുപണിക്ക് പോയിത്തുടങ്ങി. അപ്പോഴെല്ലാം അവളുടെ മനസ്സിൽ ഒരു ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു ഐ.എ.എസ് ഓഫീസറാവുക എന്നത്. ഒരു ദിവസം വീട്ടുടമസ്ഥൻ ആരോ പറഞ്ഞ് അമല നന്നായി പഠിക്കും എന്ന കാര്യം അറിഞ്ഞപ്പോൾ അയാൾ അമലയുടെ അമ്മയ്ക്ക് ഒരു ഉപായം പറഞ്ഞുകൊടുത്തു. ആ ഉപായം കേട്ടപ്പോൾ അമ്മയുടെ മനസ്സിൽ സന്തോഷം തോന്നി.

അമ്മ അവളെ ഒരു വലിയ കോച്ചിങ് ക്ലാസിന് ചേർത്തു. അമ്മ കഷ്ടപ്പെട്ട് മസത്തിൽ ഫീസ് അടയ്ക്കും അത് കുറെ കാലം തുടർന്നു.


ഒരു ദിവസം അമ്മയും മരണപ്പെട്ടു. അങ്ങനെ വീണ്ടും അവളുടെ പഠനം മുടങ്ങി. അപ്പോഴാണ് അമല അറിഞ്ഞത്, അവൾ ജോലി ചെയ്തിരുന്ന വീട്ടിൽ ജോലിചെയ്താണ് അമ്മ

തന്നെ പഠിപ്പിച്ചത് എന്ന്. അമ്മയുടെ ആഗ്രഹമായിരുന്നു അത് എന്ന് മനസ്സിലാക്കി അവൾ പാർടൈം ജോലിചെയ്ത് അവളുടെ ലക്ഷ്യം നേടിയെടുത്തു.ഇപ്പോൾ  അവൾ ഒരു ജില്ലാകലക്ടറായി സേവനം അനുഷ്ഠിക്കുന്നു.

ശ്രാവണ നാരായണൻ

9.സി

# ഉർദു ചിന്തകൾ




സിറാജ് ടി പി

അദ്ധ്യാപകൻ

## വിദ്യാലയം

അക്ഷരലോകം എനിക്കായ്
തുറന്നൊരു സ്വർഗ്ഗമാ-
ണെന്നുമെൻ വിദ്യാലയം
ആകാശമോളം വളരുവാൻ
എന്നുള്ളിലാത്മ വിശ്വാസത്തിൻ
കൊടിപറത്തി !
ദീപമായ് എൻ
നെഞ്ചിലറിവിൻെറ നാളം
തെളിയിച്ചു നയിച്ചു-
നീ നന്മയിൽ.
നന്മയുൾ കൊള്ളുവാൻ,
സത്യമുൾ കൊള്ളുവാൻ
പഠിപ്പിച്ചൊരെൻ സ്നേഹാലയം
ശിവപുരത്തിൻ സ്വന്തമാം
വിദ്യാലയം.

മേഘ്ന-എം
9.സി



# പാഠ്യേതര പ്രവർത്തനങ്ങൾ











# അമ്മ




അക്ഷരമാലകൾപ്പോലും നമിച്ചിടും
അമ്മായെന്ന രണ്ടക്ഷരത്തെ
മാതാപിതാഗുരു ദൈവമെന്നുള്ളതിലാദ്യ-
സ്ഥാനീയ മാതാവുതന്നെ
സന്താനത്തിനായ് വാത്സല്യമേറേ
-ത്തരുന്നൊരു ദേവതയാണ് അമ്മ
ത്യാഗത്തിലീശനെ വെല്ലുവാൻ
പോലും ശക്തി ജനനിയിൽ സംയുക്തമെ

ദൈവത്തിൻ സ്വന്തമാം നാട്ടിലിന്ന്
അമ്മതൻ സ്ഥാനം തൃണസമാനം,
കാരണം പദവിയും സ്ഥാനവുമെ...
പദവി ലഭിച്ചാലും,
സ്ഥാനം ലഭിച്ചാലും
അമ്മയ്ക്ക് പകരമാവില്ലിതൊന്നും
ഈ സത്യമൂലൾ കൊയമ്പ്ളും മനുഷ്യരിന്ന്
വളരെച്ചുരുക്കമീ പൃഥ്വിയിൽ

നമ്മെ ദ്രോഹിക്കും മനുഷ്യരെ
നാം വെറുക്കുക സ്വാഭാവികം
എന്നാൽ നാമെത്ര ദ്രോഹിച്ചാലും
നമ്മുടെ നാശമാശിക്കാത്ത
ഏക മനമാണ് ജനനീമനം.
ആകാശഗംഗ പോൽ പരിശുദ്ധമാം
ജനനിയോടെ-ന്തിനീ വെറുപ്പ് ?
എന്തിനീ ക്രൂരഭാവം ?

ഈശ്വരദർശ്ശനം ലഭിക്കുവാനാശിക്കും
എല്ലാമനുഷ്യരും ഒന്നോർക്കുക,
ഭൂമിയിലൊരീശ്വര ദർശ്ശനമുണ്ടെങ്കിലതു
മാതൃദർശ്ശനമാണ്,
ഒരു സ്വർഗ്ഗമുണ്ടെങ്കിലതു മാതൃമടിത്തട്ടാണ്.

മേഘ്ന-എം
9th C




ഈ  മഴയാണെൻ ജീവൻ ,
ഇരുട്ടിൻ നിശ്വാസമായ്
നിർത്താതുതിരും
നിർത്തുള്ളിയാണെൻ ജീവൻ
പ്രപഞ്ചമൊന്നാകെ
പ്രകമ്പനം കൊള്ളും
നീയൊന്നു വാരി-
പുണർന്നിടുമ്പോൾ!
സൗവർണ്ണ സുന്ദര
രാഗങ്ങളുതിരും
മണ്ണിൽ മനസ്സാം
മണിവീണയിൽ...!
നിലയ്ക്കാതെ പെയ്യുക
പെയ്തൊഴിയാതെ
സ്വപ്നങ്ങൾ പാകിയ
വിത്തിനുണരാൻ ....!

അർച്ചന പി.ടി
10th A

# മാതൃസ്നേഹം

വസന്തങ്ങളൊക്കയും മാഞ്ഞുപോയി
കാലത്തിന്റെ പലഭാവങ്ങളും കണ്ടു...ഇനകൻ
ചക്രവാളത്തിലേക്കു...നീങ്ങി...നീങ്ങി...
കാലത്തിന്റ കപടതയിൽ ജീവിതമാം
നൗക മുങ്ങിയും...പൊങ്ങിയും
ഭ്രമാതാവിനെ നിന്ദിച്ച തൻ പൈതങ്ങൾ
പിന്നെ ദ്രോഹിച്ചും...
മുത്തും പവിഴവും ചൊരിഞ്ഞൊരാ
കരങ്ങൾക്ക് പൈതങ്ങൾതൻ-
നൊമ്പരക്കടൽ
സമ്മാനം...നീറിപുകഞ്ഞൊരാ
,അമ്മമനസ്സിൽ-
നിന്നടർന്നൊരാകണ്ണീർചാലുകൾ...ക
ണ്ണീർചാലുകൾ വർഷമേഘമായി
പൊഴിഞ്ഞു മകൾ തൻ നെഞ്ചിലേക്ക്...
തീക്കനലായി... എങ്കിലും
അമ്മതൻ പൈതങ്ങൽ വിങ്ങും നേരം
ഒരു കൈത്താങ്ങുമായി അമ്മതൻ-
സൂര്യപ്രകാശമാം കരങ്ങൾ
നിന്നിലേക്കണയും...



ഷഹസാൻ

എട്ടാം തരം

# മാതൃ വിലാപം

ദാനവപുരത്തെ പേരു കേട്ട തറവാടായിരുന്ന മാതമംഗലം തറവാട്.അവിടെയായിരുന്നു നമ്മുടെ കൂടെ തൊഴിലുറപ്പ് ജോലി ചെയ്യുന്ന രാധ.വർഷങ്ങൾക്കു മുൻപ് ആ സ്ത്രീയുടെ ഭർത്താവ് ഒരു ദുരൂഹ സാഹചര്യത്താൽ മരണപ്പെട്ടു.പിന്നെ രാധയ്ക്ക് കൂട്ടായ് തന്റെ മകൻ മാത്രം.അവനെ കുഞ്ഞൂട്ടൻ എന്നു പേരു നൽകി രാധ ലാളിച്ചു വളർത്തി.അവനെ ആരുടെ കയ്യിൽ ഏൽപ്പിച്ചാണ് തനിക്ക് ജോലിക്ക് പോവാൻ കഴിയുന്നത്.ആ ചോദ്യം മനസ്സിൽ ഉടനീളംവ്യാപിച്ചു.അവസാനം തന്റെ മകനെ ജോലി ചെയ്യുന്നിടത്തേക്ക് കൊണ്ടുപോയി.അങ്ങനെ ജോലി ചെയ്തു കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് കുഞ്ഞൂട്ടനെ പഠിപ്പിച്ചു.അങ്ങനെ വർഷങ്ങൾ കഴിഞ്ഞ് വലിയൊരാളായി മാറി.രാധ തന്റെ മകനെക്കുറിച്ചോർത്ത് സ്വപ്നങ്ങൾ കണ്ടു.പക്ഷെ,അത് വെറുമൊരു നനഞ്ഞു കീറിയ കടലാസു പോലെയായി.

കുഞ്ഞൂട്ടന് ഒരു ചെറിയ ജോലി കിട്ടി.അതിന്റെ സന്തോഷത്താൽ അന്ന് രാത്രി കുഞ്ഞൂട്ടൻ കൂട്ടുകാരുമൊത്ത് ഉല്ലസിച്ചു.ആ കൂട്ടുകെട്ട് അവനെ തികഞ്ഞ മദ്യപാനിയാക്കി മാറ്റി.ഒപ്പം അവരുടെ ജീവിതത്തെയും.അന്നു മുതൽ രാധയുടെ മനസ്സിന്റെ സ്വസ്ഥത എങ്ങോട്ടെന്നില്ലാതെ പറന്നു പോയി.

മകൻെറ ആട്ടും തുപ്പും കേട്ട് ജീവിക്കേണ്ടിവരുന്ന ഒരമ്മയുടെ ജീവിതത്തിൻെറ വിധിയാണെന്ന് രാജമ്മചേച്ചി മനസ്സിൽ കരുതി. സങ്കടം മനസ്സിൽ കടിച്ചമർത്തി അവർ ഓരോരാത്രിയും കഴിച്ചുകൂട്ടി. ഒരു ദിവസം രാത്രി പന്ത്രണ്ട് മണിക്ക് വാതിലിൽ ഒരുമുട്ടുകേട്ടാണ് രാജമ്മചേച്ചി ഉണർന്നത്. വാതിൽ തുറന്നപ്പോൾ ഒരമ്മയ്ക്കും

സഹിക്കാവുന്നതിനപ്പുറത്തെ വാർത്ത കേട്ടാണ് ആ അമ്മ തളർന്നുപോയത്. തൻെറ മകൻ ഒരു കുറ്റവാളിയായിത്തീർന്നിരിക്കുന്നു. ഒരു കൊലക്കുറ്റത്തിന്. അന്നുരാവിലെ തൻെറ മുന്നിലൂടെ കൈയ്യിൽ വിലങ്ങണിയിച്ച് തൻെറ മകനെ കൊണ്ടുപോവുന്ന പോലീസുകാർ.

വർഷങ്ങൾ കുറെ കഴിഞ്ഞുവെങ്കിലും കഴിഞ്ഞ കാലത്തിൻെറ ഓർമ്മകളിൽ ആ അമ്മയുടെ വിരഹത്താൽ നിറഞ്ഞ കണ്ണുനീർ ഇന്നും കണ്ണുകളിൽ തളം കെട്ടിനിൽക്കുന്നു. ആ മാത്രുവിലാപം ഇന്നും ആ അമ്മയിൽ നിലനിൽക്കുന്നു.

അഷിത-എം
9.എ

# ഓർമ്മകളിലൂടെ............














## പ്രളയം കേരളത്തെഒന്നിപ്പിച്ചു

പ്രളയം കേരളത്തെ ഒന്നിപ്പിച്ചു 1948 മുതൽ 2017 വരെ ഓരോരുത്തരും

പറഞ്ഞു തന്നതും ആഗ്രഹിച്ചതും ഒന്നാണ്

"ഒരു ജാതി, ഒരു മതം, ഒരു ദൈവം" അത്

ഒടുവിൽ 2018 ൽ നടന്നു ഇന്ന് കേരളത്തിൽ ജാതി മത വർഗ്ഗ ലിംഗ വിവേചനമില്ല എല്ലാവരും സഹോദരി സഹോദരൻമാർ പ്രളയദുരന്തത്തിൽ ഒറ്റപ്പെട്ടുപോയവരെ രക്ഷിക്കാൻ കേരളം കൈകോർത്തു നവകേരള സൃഷ്ടിക്കായി ഹിന്ദു മുസ്ലിം ക്രിസ്ത്യാനി എല്ലാവരും ഒന്നിച്ചു ശ്രമിച്ചു ശ്രീ നാരായണ ഗുരു പറഞ്ഞതുപോലെ സംഘടിച്ചു ശക്ക്തരാവാൻ തുടങ്ങി കേരള ജനതയുടെ ഐക്യത്തിനു മുന്നിൽ പ്രകൃതി പോലും തോറ്റു



പിൻമാറി ഒരുപരിചയവും ഇല്ലാത്ത ജനങ്ങളെ അച്ചനും അമ്മയും ആയികണ്ടു ദുരിതാശ്വസ കേമ്പിൽആയിരങ്ങൾ കഴിഞ്ഞു ഓണവും പെരുന്നാളും എല്ലാജാതി മതസ്ഥരും ഒന്നിച്ച് ആഘോഷിച്ചു. ഇന്ന് 2018 ലാണ് കേരളം ദൈനത്തിന്റെ സ്വന്തം നാടായത്ത് ഇനിയും ഇനിയെന്നും കേരള ജനതയെ ഒറ്റകെട്ടായി ഒരറ്റ മനസ്സായി നില്ക്കുന്ന സമൂഹത്തെ പ്രതീക്ഷിക്കാം

# കൊഴിഞ്ഞു പോയ ബാല്യകാലം

നിന്റെ ചുണ്ടിൽ വിടർന്നൊരാ പുഞ്ചിരി
ഇന്നെന്റെ ഓർമ്മകളറിയുന്നു

മാവിൻ ചുവട്ടിൽ കളിച്ചുവളർന്നൊരാകാലം
ഇന്നെന്റെ മായാ സ്വപ്നമായ് കൂടെയുണ്ട്.
പിരിയുവാൻ കഴിയാത്തൊരാ ബാല്യം-
തന്നിടുന്നെനിക്കെന്റെ ജീവന്റെ ജീവൻ.



നറു ചിരിയാർന്ന നിൻ വിളിയൊന്ന്,
കേൾക്കുവാൻ കാതോർത്തിടുന്നു ഞാനിന്നും.
ഇന്നും ഞാൻ വെറുമൊരു ഏകയായ്,
നിൻ വിളക്കായ് കാത്തീടുന്നു.

ഒറ്റപ്പെട്ടെന്നു തോന്നിടുമെങ്കിൽക്കൂടി,
എന്നരികത്തു നീയുണ്ടെന്നൊരു തോന്നൽ.
പിരിയുവാനെനിക്കാവില്ല നിന്നെ-ബാല്യ-
കാലമോർമ്മയാം കളിക്കൂട്ടുകാരിയെ.

ഇന്നും നിൻ ചുണ്ടിലെ നറു പുഞ്ചിരി
എൻ മനസ്സിലെ വെളിച്ചമായ് തിളങ്ങിടുന്നു.
ഇനിയും നീ എന്നെ പിരിയരുതെന്നോരു-
വാക്കിനായ് കാതോർത്തു നിന്നിടുന്നു.

ശ്രീനേത്ര.കെ

9 A

# പാലു കാച്ചിപ്പാറ

കണ്ണൂരിൽ വരുന്ന സഞ്ചാരികളുടെ മനം കവർന്നെടുക്കുകയാണ് പാലു കാച്ചിപ്പാറ .സമുദ്രനിരപ്പിൽ നിന്ന് ഏകദേശം മൂവായിരത്തോളം അടി ഉയരത്തിലാണ് പാലു കാച്ചിപ്പാറ സ്ഥിതിചെയ്യുന്നത് .മട്ടന്നൂരിലെ മാലൂർ പഞ്ചായത്തിലെ ശിവപുരം വില്ലേജിലാണ് ഈ ഉയർന്ന പ്രദേശം സ്ഥിതിചെയ്യുന്നത് .നിരവധി ചരിത്രങ്ങളും ഐതിഹ്യങ്ങളുമുള്ള ഈ മല വേറിട്ട അനുഭവമാണ് സഞ്ചരികൾക്ക് നൽകുന്നത് .പഴയശ്ശിരാജയുടെ ഒളിത്താവളമായിരുന്ന പുരളിമലയോടു ചേർന്ന് നിൽക്കുന്ന പ്രദേശമാണിത് .ടെലിഫോൺ സംവിധാനം വരുന്നതിനുമുമ്പേ മൈക്രോവൈവ്ടവർ ഇവിടെ സ്ഥാപിച്ചിരിക്കുന്നു .സഞ്ചരികൾ കൂടുതൽ എത്തുന്ന പ്രദേശമായതുകൊണ്ട് ടൂറിസം മേഖലക്ക് ഒരുപാട് സാധ്യതയാണ് ഈ പ്രദേശത്തിന് ഇപ്പോഴുള്ളത് .കൊട്ടിയൂർ തീർത്ഥാടനവുമായി ബന്ധപ്പെട്ട ഒട്ടനവധി ഐതീഹ്യങ്ങളാണ് ഈ പ്രദേശത്തിനുള്ളത് .പിന്നെ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നത് പ്രകൃതി മനോഹരമായ കഴ്ചകളാണ് .

വൈശാഖ് . സി. കെ
10th A

# MY FIDUS ACHATES

When the skylark sings
The brude began to spread
The mothers stop lullaby
The empyrean lay as a access
When the skylark sings
The Santa adieu from church
The aurora come as a flicker
The sun put of its gloaming
When the skylark sings
The nymph began to dance
The fen like a green sward
The stars began to twinkle
When the skylark sings
The bard stop poesy
'Cause the chinkle to
hear the skylark sings
There was dell and
A supernal lay was hearing
An great abode also I-
Began to walk night
The dolour of grandma
Sucking her tears she
Began to ask when-
the skylark sings?
For hearing the skylark lay
In that niveous climate
As we reach the shore
For peeping and dancing
Ere of the mage



They end the song
They look the deep
And blessed me ....
The adept skylarks
Roar like a lion
Sing like a bard
Cheer like a spirit.

FAREEDA.P
10.C

# अग्निः

अग्नेः   तुल्यँ  न वस्तुः

जनश्चित्तौ दैवे  स्थितः अग्निः ।

सर्वाः जलशाम्य़ते  अग्निः

समुद्रागाधे स्थितः वडवाग्निः  । ।

अग्निं   निमिषमात्रर्ण ज्वलय़ति

जनश्चित्तौ क्रौधरूपेण प्रवहति  ।

चन्द्रिकरणैः मात्रं अग्निं  न  उत्पादय़ति

सर्वाः वस्तुः स्थितः  अग्निम्   । ।



# നന്ദി................

നെഞ്ചിൽ ആശയങ്ങളുടെ അഗ്നി പടർത്തിയവർക്ക്,
താങ്ങും തണലുമായവർക്ക്,
കൈപിടിച്ചു കൂടെ നടത്തിയവർക്ക്,